19-09-2021

**SUNDAY** **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -19/09/2021

1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ 9 മീറ്റർ x 6 മീറ്റർ വലുപ്പത്തിലുള്ള പായ്ക്ക്ഹൗസുകൾ സ്ഥാപിക്കുന്നതിന് രണ്ട് ലക്ഷം രൂപയും കൺവെയർ ബെൽറ്റ്, തരംതിരിക്കൽ, ഗ്രേഡിംഗ്, കഴുകൽ, ഉണക്കൽ എന്നീ സംവിധാനങ്ങളോടു കൂടിയ 9 മീറ്റർ x 18 മീറ്റർ വലുപ്പത്തിലുള്ള സംയോജിത പായ്ക്ക് ഹൗസ് യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ 17.5 ലക്ഷം രൂപയും, മലയോര പ്രദേശങ്ങളിൽ 25 ലക്ഷം രൂപയും, പ്രീ കൂളിംഗ് യൂണിറ്റുകൾക്ക് (6 മെട്രിക് ടൺ) സമതല പ്രദേശങ്ങളിൽ 8.75 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 12.5 ലക്ഷം രൂപയും, ശീതീകരണ മുറികൾക്ക് (30 മെട്രിക് ടൺ) യൂണിറ്റൊന്നിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും, മൊബൈൽ ശീതീകരണ ശാലകൾക്ക് യൂണിറ്റൊന്നിന് സമതല പ്രദേശങ്ങളിൽ 8.75 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 12.5 ലക്ഷം രൂപയും ധനസഹായം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരളയുമായി **0471-2330856/2330867** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിൽ പ്രവർത്തിക്കുന്ന തേനീച്ച പരാഗണ ഗവേഷണ കേന്ദ്രത്തിൽ നിന്നും രോഗവിമുക്തമായ തേനീച്ച കോളനികൾ വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ മുൻകൂർ പണമടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രോഗവിമുക്തമായ ഒരു ഇന്ത്യൻ തേനീച്ച കോളനിക്ക് 1400/- രൂപയാണ് സർവ്വകലാശാല നിശ്ചയിച്ചിരിക്കുന്ന വില. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ വൈകിട്ട് 4.00 മണി വരെ തേനീച്ച പരാഗണ ഗവേഷണ കേന്ദ്രത്തിൽ പണമടച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടുന്ന ഫോൺ നമ്പർ: 09744660642, 08547109186

3. സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിലുള്ള കണ്ണൂർ ജില്ലയിലെ പാട്യം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ ബയൊറിസോഴ്സ് ആന്റ് അഗ്രിക്കൾച്ചറൽ റിസർച്ച് എന്ന സ്വയംഭരണ സ്ഥാപനത്തിലേക്ക് 2021-22 പഠന വർഷത്തിലേക്കുള്ള ആനിമൽ ന്യൂട്രിഷൻ ആന്റ് ഫീഡ് പ്ലാന്റ് ടെക്ക്നോളജി, അഗ്രോ പ്രോസസിംഗ് ആന്റ് വാല്യു എഡിഷൻ, ബുച്ചറി സ്ലോട്ടർ ഹൗസ് മാനേജ്മെന്റ് ആന്റ് മീറ്റ് പ്രോസസിംഗ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അടിസ്ഥാന യോഗ്യത പ്ലസ്ടു. പ്രായപരിധി 30 വയസ്സ്. താൽപര്യമുള്ള അപേക്ഷകർ വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ അപേക്ഷ തപാലിലോ brcmokeri@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ സർട്ടിഫിക്കറ്റിന്റെ കോപ്പി, വയസ്സു തെളിയിക്കുന്ന രേഖ എന്നിവ സഹിതം ഈ മാസം 30- നകം (സെപ്റ്റംബർ 30നകം) അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9447242240** എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

4. കൃഷിവിജ്ഞാനകേന്ദ്രം കോഴിക്കോടും എനർജിമാനേജ്മെൻറ് കേരളയും സംയുക്തമായി **'ഊർജ്ജക്ഷമതയുള്ള പമ്പ്സെറ്റുകളുടെ ഉപയോഗവും ജലസ്രോതസ്സുകളുടെ കാര്യക്ഷമതയും'** എന്ന വിഷയത്തിൽ ഈ മാസം 28-ന് (സെപ്റ്റംബർ 28 ന്) കെവികെയിൽ വച്ച് സംഘടിപ്പിക്കുന്ന ബോധവൽക്കരണ പരിപാടിയിലേക്ക് കർഷകരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. കോഴിക്കോട് ജില്ലയിലെ 50 കർഷകർക്കായിരിക്കും അവസരം. താല്പര്യമുള്ളവർ പ്രോഗ്രാം കോർഡിനേറ്റർ, കൃഷിവിജ്ഞാനകേന്ദ്രം, പെരുവണ്ണാമൂഴി, കോഴിക്കോട് എന്ന വിലാസത്തിൽ അപേക്ഷിക്കുക. ഇമെയിൽ: kvkcalicut@gmail.com കൂടുതൽ വിവരങ്ങൾക്ക് **0496-2966041** എന്ന ഫോൺ നമ്പരിലോ **9446783974** എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

5. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിലെ ക്ഷീരകർഷകർക്ക് ഈ മാസം 20, 21 തീയരികളിൽ (സെപ്തംബർ 20,21) രാവിലെ 10.30 മണിക്ക് **ഭക്ഷ്യസുരക്ഷ നിയമം-2006 പാൽഗുണനിലവാരത്തിന്റെ പ്രാധാന്യം** എന്ന വിഷയത്തിലും വൈകിട്ട് **6**



ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മണിക്ക് **പാൽഗുണമേന്മാ വർഷാചരണം, ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ, മിച്ചം വരുന്ന പാലിൽ നിന്നും സ്വാദിഷ്ടമായ പാലുൽപ്പന്നങ്ങൾ** എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലനത്തിന് പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് http://meet.google.com/ewu-vwpz-mvz എന്ന ലിങ്ക് മുഖേന ജോയിൻ ചെയ്യാവുന്നതാണ്.

6. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഈ മാസം 22-ാം തീയതി **ആടുവളർത്തലിലും, 28,29** തീയതികളിൽ **കറവപ്പശു പരിപാലനം** എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനങ്ങൾ നടത്തുന്നതാണ്. താല്പര്യമുള്ള കർഷകർ **0484-2631355** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522708** എന്ന ഫോൺ നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയാടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഈ മാസം 27-ന് **ഇറച്ചിക്കോഴി വളർത്തൽ**, 23, 24 തീയതികളിൽ **ആട് വളർത്തൽ** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ 0479 2457778 എന്ന നമ്പരിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0479 2452277 എന്ന ഫോൺ നമ്പരിലോ ch.ahd@kerala.gov.in എന്ന മെയിലിലോ ബന്ധപ്പെടുക.

8. മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതിയായ ഹൈഡ്രോപോണിക്സ് വിഷയത്തെ പറ്റി 5 ദിവസത്തെ പരിശീലനപരിപാടി **സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 1** വരെയുള്ള തീയതികളിൽ രാവിലെ 10.30 മുതൽ 1.30 വരെ ഹൈടെക് റിസേർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ് ഹാൾ, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കര, തൃശൂരിൽ വെച്ച് ഓൺലൈനായി നടത്തുന്നു. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം, - രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാല

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നം, എന്നിവയെകുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **7025498850, 7034215912, 9961533547, 04872960079** എന്നീ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റെയിൻഗാർഡിങ്ങിൽ** ഈ മാസം 21-ന് (സെപ്റ്റംബർ 21-ന്) ഉച്ചയ്ക്ക് 2.30 മുതൽ വൈകിട്ട് 4.00 മണി വരെ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

10. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 21-ന് **ഓമനപ്പക്ഷികളുടെ പരിപാലനം,** 23-ന് **മുയൽ വളർത്തൽ,** 28-ന് **ഇറച്ചിക്കോഴി വളർത്തൽ,** 30-ന് **തീറ്റപ്പുൽകൃഷി** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താല്പര്യമുള്ളവർ **04829-234323** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം